ജഡ്ജിമാരാണ വിചാരണ നടത്തുന്നതു്. എങ്കിലും, മുൻപറഞ്ഞ വസ്തുതകൾ ഈ നാട്ടിലും പ്രസക്തങ്ങളല്ലാതാവുന്നില്ല. ഇത്തരം അമിതപ്രസിദ്ധീകരണം, കോടതിയിൽ ഹാജരാവുന്നതിൽനിന്നോ, ഹാജരായാൽ ത്തന്നെ സത്യം പറയുന്നതിൽനിന്നോ സാക്ഷികളെ തടഞ്ഞുവെന്നുവരാം. ഉചിതവും നീതിയുക്തവും സത്യസന്ധവുമായ കേസന്വേഷണത്തെയും ഈ അമിതപ്രസിദ്ധീകരണം ദോഷകരമായി ബാധിച്ചേക്കാം. ഇപ്പറഞ്ഞതു വിചാരണയ്ക്കുമുമ്പു്, കേസന്വേഷണം നടന്നുകൊണ്ടിരിക്കെ, നടത്തപ്പെടുന്ന പ്രസിദ്ധീകരണത്തിനും ബാധകമാണു്.

'കുററങ്ങൾ, കേസന്വേഷണം, അറസ്റ്റു് മുതലായവ സംബന്ധിച്ച വസ്തുതകൾ ജനങ്ങളെ അറിയിക്കേണ്ട ചുമതലയും അധികാരവും പത്രങ്ങൾക്കുണ്ടു്. എന്നാൽ, സാക്ഷികൾ, പ്രതികൾ, അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ മുതലായവരുമായി അഭിമുഖസംഭാഷണം നടത്തി അത്യധികം വിശദാംശങ്ങളോടെ തയ്യാറാക്കപ്പെടുന്ന അമിതപ്രസിദ്ധീകരണം കേസിലടങ്ങിയ പ്രശ്നങ്ങൾ സംബന്ധിച്ച മുൻധാരണകൾ സൃഷ്ടിക്കപ്പെടാൻ കാരണമായിത്തീരുന്നു. ഈ പ്രശ്നങ്ങളിൽ തീരുമാനമെടുക്കേണ്ടതു്, അന്തിമ വിശകലനത്തിൽ കോടതികളാകുന്നു.'

ശോഭനയുടെ മരണത്തെത്തുടർന്നു് കോടതിയിൽ നടക്കുന്ന കേസിലെ വിധി ഏതുതരത്തിലായിരുന്നാലും, ഇവിടെ ഉന്നയിക്കപ്പെട്ട നാലു പ്രശ്നങ്ങളെപ്പററി, വിദഗ്ദ്ധതലത്തിൽ ചർച്ചകൾ ഉണ്ടാകുന്നതു പ്രയോജനകരമായിരിക്കും. നാൾക്കുനാൾ ക്ഷയിച്ചുവരുന്ന നമ്മുടെ ജനാധിപത്യത്തിൻെറ ആരോഗ്യം പുനഃസ്ഥാപിക്കാൻ ഈ ചർച്ചകൾ സഹായകരമാകാതിരിക്കുകയില്ല.

(18 മാർച്ച്, 1984)

# 87. സേവനത്തുറകളിലെ നിലവാരത്തകർച്ച

ആപല്ക്കരമായ ഒരു പ്രതിസന്ധിയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണു് ഇന്ത്യ എന്ന ബോധം ഇന്നു പരക്കെയുണ്ടു്. എന്നാൽ, ഈ പ്രതിസന്ധിയുടെ വിമകളെ(ഡൈമൻഷൻ)കുറിച്ചോ നിദാനങ്ങളെക്കുറിച്ചോ ഏറെക്കുറെ ഏകരൂപമായ ഒരു ദേശീയ ധാരണ ഉരുത്തിരിഞ്ഞുകഴിഞ്ഞിട്ടില്ല.

ഹിംസാത്മകമായ വിഘടനവാദത്തിൻെറ രൂപത്തിൽ ഈ പ്രതിസന്ധിയുടെ ദാരുണത പഞ്ചാബിലും ആസാമിലും നാം അനുഭവിച്ചുതുടങ്ങിയിട്ടു് കാലം കുറെയായി. പ്രതിസന്ധിഘട്ടങ്ങളിൽ മാത്രമല്ല, പ്രതിസന്ധിയൊന്നുമില്ലാത്ത സാധാരണ കാലഘട്ടങ്ങളിൽപ്പോലും ജനതയുടെ വിശ്വാസം നേടി നിലനിർത്തുന്നതിനുള്ള കഴിവു് നമ്മുടെ രാഷ്ട്രീയനേതൃത്വത്തിനു നഷ്ടപ്പെട്ടിരിക്കുകയാണു്. അധികാരതിമിരവും ധനലോഭവും കാമക്രോധങ്ങളും വ്യക്തികളെ എത്രമാത്രം അധഃപതിപ്പിക്കാമെന്നതിനു് ഉദാഹരണങ്ങൾ ഇന്ത്യയിലെ രാഷ്ട്രീയപ്പാർട്ടികളുടെ നേതാക്കൾക്കിടയിൽനിന്നു് ഇഷ്ടംപോലെ പെറുക്കിയെടുക്കാവുന്നതേയുള്ളു.

രാഷ്ട്രീയപ്പാർട്ടികൾ ദുഷിക്കുമ്പോൾ അവയുടെ നിയന്ത്രണത്തിലുള്ള സർക്കാർ ദുഷിക്കാതെ തരമില്ല. ഒരു വശത്തു് സർക്കാരിലുള്ള ചീഞ്ഞുനാറുന്ന അഴിമതിയും, മറുവശത്തു നിശ്ചിതകാര്യം നിശ്ചിതസമയത്തു നടത്തുന്നതിനുള്ള സർക്കാരിൻെറ കഴിവുകേടും, ജനങ്ങളെ

പൊതുവെ നിരാശരും, ചിലപ്പോഴൊക്കെ വിക്ഷുബ്ധരും ആക്കിയിരിക്കുകയാണ്. നിയമസഭകളും എക്സിക്യൂട്ടീവും കോടതികളുംപോലുള്ള സർക്കാരിന്റെ വിഭിന്ന ഘടകങ്ങൾ ജനനന്മയ്ക്കുവേണ്ടി സഹകരിച്ചു പ്രവർത്തിക്കുന്നതിനു പകരം വ്യക്തിപരമായ പൊങ്ങച്ചങ്ങളുടെ പേരിൽ പരസ്പരം ഏറ്റുമുട്ടുകയും, ഭരണസംവിധാനത്തെയാകെ പൊതുജനദൃഷ്ടിയിൽ പരിഹാസ്യമാക്കി മാററുകയുംചെയ്യുന്നു. തങ്ങളുടെ ജീവനും സ്വത്തിനും അവകാശങ്ങൾക്കും സംരക്ഷണം ലഭിക്കുമെന്ന ബോധം പൊതുവെ ജനങ്ങൾക്കു നഷ്ടപ്പെട്ടിരിക്കുന്നു. കേൾപ്പോരും കേൾവിയുമില്ലാത്ത ഒരവസ്ഥ എങ്ങും ഉളവായിരിക്കുന്നു.

സാർവത്രികമായ ഈ അധഃപതനത്തിന്റെ ഉത്തരവാദിത്തം ഏതെങ്കിലും അളവിൽ തനിക്കുമുണ്ടോ എന്നു്, സാധാരണയായി ആരും ചിന്തിക്കാറില്ല. തെററുകളെല്ലാം മററുള്ളവരിൽ ചുമത്തി, സ്വയം ആശ്വസിക്കുന്നതിനുള്ള പ്രവണതയാണ്, പൊതുവെ, എല്ലാ ജനവിഭാഗങ്ങളിലും കണ്ടുവരുന്നതു്. സംഘർഷത്തെ കൂടുതൽ മൂർച്ഛിപ്പിക്കാനല്ലാതെ, സ്ഥിതിഗതികൾ അല്പമെങ്കിലും മെച്ചപ്പെടുത്താൻ, ഈ മനോഭാവം പ്രയോജനപ്പെടുകയില്ലെന്നു പറയേണ്ടതില്ല.

ഈ സാമാന്യനിയമത്തിനു് ഒരു അപവാദമായിരുന്നു ഏപ്രിൽ നാലാമത്തെ ആഴ്ചയിൽ ദില്ലിയിൽ ചേർന്ന ബുദ്ധിജീവികളുടെ ഒരു ദേശീയസമ്മേളനം. അഖിലേന്ത്യാപ്രശസ്തരായ പല വക്കീലന്മാരും ഡോക്ടർമാരും അദ്ധ്യാപകരും പത്രപ്രവർത്തകരും ഈ സമ്മേളനത്തിൽ പങ്കെടുത്തു. തങ്ങൾ പ്രതിനിധാനംചെയ്യുന്ന സേവനത്തുറകൾ (പ്രൊഫെഷൻ) ഭാരതീയ സമൂഹം ഇന്നെത്തിനില്ക്കുന്ന ദുഃസ്ഥിതിക്കു് എത്രമാത്രം ഉത്തരവാദപ്പെട്ടിരിക്കുന്നു എന്നു് അവർ തുറന്നു ചിന്തിച്ചു. അധഃപതനത്തിന്റെ ഈ പടുകുഴിയിൽനിന്നു സമൂഹത്തെ ഉദ്ധരിക്കുവാൻ ഈ തൊഴിലുകളിൽ ഏർപ്പെട്ടവർക്കുള്ള ബാദ്ധ്യതയെപ്പററി അവർ ഊന്നിപ്പറയുകയുംചെയ്തു. സത്യസന്ധമായ സ്വയം വിമർശനത്തിന്റെ ആരോഗ്യകരമായ സ്വരം ഈ സമ്മേളനത്തിൽ ഉയർന്നു കേട്ടു.

സമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചതു് ജസ്റ്റിസ് ശ്രീ വി. ആർ. കൃഷ്ണയ്യർ ആയിരുന്നു. രാഷ്ട്രീയ–സാമ്പത്തിക–സാമൂഹികരംഗങ്ങളിലെ മുതലുടമവർഗത്തിന്റെ സംരക്ഷണത്തിനു മാത്രം വേണ്ടിയാണ് ഇന്നു് ഇന്ത്യയിലെ വക്കീലന്മാരും അദ്ധ്യാപകരും ഡോക്ടർമാരും പത്രപ്രവർത്തകരും നിലകൊള്ളുന്നതെന്നു് ശ്രീ കൃഷ്ണയ്യർ ആമുഖമായി പ്രസ്താവിച്ചു. ഈ സേവനത്തൊഴിലുകളുടെ ഉദാരവാദവും വൈദഗ്ദ്ധ്യവും ഔന്നത്യവുമെല്ലാം ഈ ഒരൊററ ലക്ഷ്യത്തിൽ ഊന്നിനില്ക്കുന്നു. അങ്ങനെ ഈ സേവനത്തൊഴിലുകൾ സ്വയം ഒരു നിക്ഷിപ്തതാല്പര്യമായി മാറിയിരിക്കുന്നു. ബഹുജനങ്ങളുടെ ആവശ്യങ്ങളോടു് ഈ തൊഴിലുകളിലേർപ്പെട്ടവർക്കു പൂർണമായ ഉദാസീനതയാണുള്ളതു്. സേവനത്തൊഴിലുകളിലേർപ്പെട്ട ചില വ്യക്തികൾക്കു സാധാരണക്കാരോടു് അനുഭാവമുണ്ടായിരിക്കാം. എന്നാൽ, ഈ വിദഗ്ദ്ധസേവനത്തുറകളിലെ പ്രതിഭാശാലികൾ പൊതുവെ കാശിനുവേണ്ടി സ്വന്തം ബുദ്ധിയെ വ്യഭിചരിപ്പിക്കുകയാണുചെയ്യുന്നതു്. 'ഇൻടെലക്ച്വൽ കാൾഗേൾ' എന്നതാണു് ഇവർക്കു പററിയ വിവരണം. ഈ ദുഃസ്ഥിതിയിൽ വിപ്ലവകരമായ ഒരു മാററം വരണമെന്നും, രാഷ്ട്രത്തിന്റെ ബുദ്ധിവിഭവം ബഹുജനങ്ങൾക്കു വിശ്വാസ്യമാംവിധം ലഭിക്കുമാറാകണമെന്നും ശ്രീ കൃഷ്ണയ്യർ ആവശ്യപ്പെട്ടു.

നിയമസേവനം തികച്ചുമൊരു കച്ചവടച്ചരക്കായി മാറിയിരിക്കുന്നു എന്നു പ്രശസ്ത നിയമപണ്ഡിതനായ മി. സോളി സൊറാബ്ജി പ്രസ്താവിച്ചു. ചാന്ദ്നി ചൗക്കിലെ ഒരു കച്ചവടക്കാരനും ഒരു സുപ്രീംകോടതി വക്കീലും തമ്മിൽ ഇന്നു് അടിസ്ഥാനപരമായി യാതൊരു വ്യത്യാസവു

മില്ല. തങ്ങളുടെ സേവനത്തിനു കിട്ടാവുന്നത്ര കൂടുതൽ വില വസൂലാക്കുകയാണു രണ്ടു കൂട്ടരും ചെയ്യുന്നതു്.

അദ്ധ്യാപനമെന്ന സാമൂഹ്യസേവനത്തിന്റെ സുപ്രധാന ഭൂമികയെപ്പററിയുള്ള ബോധവും, ഈ സേവനത്തിൽ അഭിമാനവും അദ്ധ്യാപകർക്കു് ഇനിയങ്ങോട്ടു് ഉളവാകേണ്ടിയിരിക്കുന്നു എന്നു് പഞ്ചാബ് സർവകലാശാലയിലെ മുൻ വൈസ്ചാൻസലർ പ്രൊഫസർ അമ്രീക്സിങ് പറഞ്ഞു. ഇന്ത്യയിൽ മുപ്പതു ലക്ഷത്തോളം അദ്ധ്യാപകരുണ്ടു്. പക്ഷേ, അവരിൽ ബഹുഭൂരിപക്ഷവും അദ്ധ്യാപനമെന്ന സേവനം സ്വീകരിച്ചതു മററൊരു തൊഴിലും കിട്ടാത്തതുമൂലമാണു്. വരുമാനവും അന്തസ്സും കുറവായതിനാൽ ബുദ്ധിശാലികൾ അദ്ധ്യാപകരാകാൻ മടിക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആഴത്തിൽ വേരോടിയ അഴിമതിയിൽ നിന്നു് അദ്ധ്യാപകരും ഒഴിഞ്ഞുനില്ക്കുന്നില്ല. വിദ്യാഭ്യാസത്തിൽ ഇന്നു കാണുന്ന അധഃപതനത്തിനു രാഷ്ട്രീയപ്രവർത്തകരെന്നപോലെ അദ്ധ്യാപകരും ഉത്തരവാദികളാണു്. എക്സിക്യൂട്ടീവ് പദവികളിലുള്ള അദ്ധ്യാപകർ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനല്ല തങ്ങളുടെ അധികാരം ഉപയോഗപ്പെടുത്തുന്നതു്. തങ്ങളുടെ സേവനത്തിൽ അഭിമാനബോധം അദ്ധ്യാപകരിൽ ഉളവാകാത്ത കാലത്തോളം രാഷ്ട്രീയപ്രവർത്തകർ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ തകരാറിലാക്കിക്കൊണ്ടിരിക്കുകതന്നെചെയ്യുമെന്നു് പ്രൊഫസർ അമ്രീക്സിങ് പറഞ്ഞു.

ഇന്നത്തെ മെഡിക്കൽ സർട്ടിഫിക്കററുകൾക്കു്, പലപ്പോഴും അവ, അച്ചടിച്ച കടലാസിന്റെ വിലപോലുമില്ലെന്നു് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അദ്ധ്യക്ഷനായ ഡോ. ബി. എൻ. സിൻഹ പ്രസ്താവിച്ചു. പ്രതാപശാലികളും പണക്കാരും ചികിത്സയ്ക്കു മറുനാടുകളിൽ പോയിക്കൊണ്ടിരിക്കുന്ന കാലത്തോളം ഇന്ത്യയിലെ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടാൻ പോകുന്നില്ല. ജനസേവനത്തിനു താല്പര്യമുണ്ടെങ്കിൽത്തന്നെ, അതിനുള്ള സൗകര്യം ഇന്ത്യയിലെ ആസ്പത്രികളിൽ ഡോക്ടർമാർക്കു ലഭിക്കുന്നില്ല. ആരോഗ്യസേവനത്തുറയുടെ അധഃപതനത്തിനുള്ള കാരണങ്ങളിൽ ഒന്നു വൈദ്യവിദ്യാഭ്യാസത്തിൽ വന്നുചേർന്നിട്ടുള്ള നിലവാരത്തകർച്ചയാണെന്നു് ഡോ. സിൻഹ പറഞ്ഞു.

'ഇന്ത്യൻ എക്സ്പ്രസ്' പത്രാധിപർ ശ്രീ ബി. ജി. വർഗീസാണു് പത്രപ്രവർത്തനമെന്ന സേവനത്തെപ്പററി പ്രതിപാദിച്ചതു്. 'പത്രസ്വാതന്ത്ര്യം' എന്നാൽ, പത്രമുടമയുടെയോ, പത്രപ്രവർത്തകന്റെയോ സ്വാതന്ത്ര്യം എന്നു് അർത്ഥമില്ലെന്നും, 'സത്യം അറിയാനുള്ള പൗരന്റെ അവകാശം' എന്നാണു് അതിനു് അർത്ഥമെന്നും ശ്രീ വർഗീസ് പറഞ്ഞു. സമൂഹത്തെ പരിവർത്തിപ്പിക്കുന്നതിൽ സുപ്രധാനമായ ഒരു ഭൂമിക പത്രങ്ങൾ നിർവഹിക്കണം. രാഷ്ട്രനിർമാണപ്രക്രിയയ്ക്കു് ഒരു വിപത്താണു് പക്ഷംപിടിച്ചു വാദിക്കുന്ന പത്രങ്ങൾ. വികസനത്തിന്റെ പ്രശ്നങ്ങളോ, സമൂഹപരിവർത്തനമോ ഇന്ത്യയിലെ പത്രപ്രവർത്തകരെ പൊതുവെ ആകർഷിക്കുന്നില്ല. മന്ത്രിമാരുടെ പ്രഖ്യാപനങ്ങളാണു് അവർക്കു വാർത്ത. സമൂഹമെന്ന പിരമിഡിന്റെ തലപ്പത്തുള്ള കുറച്ചു പേർ മാത്രമേ വാർത്തകളിൽ പ്രത്യക്ഷപ്പെടുന്നുള്ളു; അതിന്റെ വിശാലവും പ്രക്ഷുബ്ധവുമായ അടിത്തറയ്ക്കു് അപര്യാപ്തമായ വാർത്താപ്രാധാന്യമേയുള്ളു. സ്വനിർമിതമായ ഒരു സദാചാരസംഹിതയ്ക്കു പത്രപ്രവർത്തകർ വിധേയരാവണമെന്നാണു് ശ്രീ വർഗീസിന്റെ അഭിപ്രായം.

രണ്ടു ദിവസം നീണ്ടുനിന്ന ചർച്ചകളിൽ, ഈ നാലു വിദഗ്ദ്ധസേവനത്തുറകളുടെ ഇന്നത്തെ പ്രവർത്തനത്തെപ്പററി നിശിതങ്ങളായ പല വിമർശനങ്ങളും ഉയർന്നു കേൾക്കുകയുണ്ടായി. തൊഴിൽ വൈദഗ്ധ്യ

നിലവാരത്തിൽ വന്നുകൊണ്ടിരിക്കുന്ന അധഃപതനം, സാമൂഹ്യമായ ഉത്തരവാദിത്തത്തോടുള്ള വർദ്ധമാനമായ അനാസ്ഥ, ബുദ്ധിജീവിവർഗത്തിനു സമൂഹത്തിൽനിന്നുമുള്ള ബന്ധവിച്ഛേദം (ഏലിയനേഷൻ) മുതലായ പ്രശ്നങ്ങൾ ആഴത്തിൽ പരാമർശിക്കപ്പെട്ടു. സേവനത്തുറകളിൽ പ്രവർത്തിക്കുന്നവർ വിപ്ലവകരമായ ഒരു സദാചാരസംഹിതയ്ക്കു വിധേയരാവണമെന്നും, നമ്മുടെ സമൂഹത്തിൽ കോടിക്കണക്കിനുള്ള അവശരുടെ ആവശ്യങ്ങൾ നിറവേററുന്നതിനു് ഈ സേവനങ്ങൾ പുനഃസമർപ്പിക്കപ്പെടണമെന്നുള്ള കാര്യത്തിൽ ആർക്കും സംശയമുണ്ടായിരുന്നില്ല.

സമ്മേളനം അംഗീകരിച്ച ഒരു പ്രഖ്യാപനം, സേവനത്തുറകളിൽ വിപ്ലവവിരുദ്ധമൂല്യങ്ങൾ വളർന്നുവരുന്നതിൽ ആശങ്ക രേഖപ്പെടുത്തി. സമൂഹത്തിലെ ഉന്നതവർഗങ്ങളുടെ ആവശ്യങ്ങൾ നിറവേററാനാണു് ഇന്നു് ഈ സേവനത്തുറകൾ മുഖ്യമായും ഉപകരിക്കുന്നതു്. നമ്മുടേതുപോലുള്ള ഒരു ദരിദ്രരാജ്യത്തിൽ സേവനത്തുറകളിലേർപ്പെട്ടവർക്കു സാധാരണജനങ്ങളോടു സവിശേഷമായ ഉത്തരവാദിത്തമുണ്ടു്. കാരണം, സേവനങ്ങൾക്കു സാമ്പത്തിക പ്രതിഫലം നൽകാൻ ഇവിടത്തെ സാധാരണക്കാർക്കു കഴിവില്ല.

സമ്മേളനത്തിൽ നിർവചിക്കപ്പെട്ട പ്രശ്നങ്ങളുടെ പരിഹാരമാർഗം അതാതു സേവനത്തുറകൾതന്നെ കണ്ടുപിടിക്കണമെന്നു പ്രഖ്യാപനം ചൂണ്ടിക്കാണിച്ചു. സേവനത്തുറകളിലേർപ്പെട്ടവർ തങ്ങളുടെ തൊഴിലിൽ പരമാവധി ഉത്കർഷം (എക്സെലൻസ്) നേടുവാൻ പരിശ്രമിക്കണം; കർശനമായ ഒരു സദാചാരസംഹിതയ്ക്കു് അവർ സ്വേച്ഛയാ വിധേയരായിരിക്കുകയും വേണം. വ്യത്യസ്തസേവനത്തുറകളിലുള്ളവർ തമ്മിൽ നിരന്തരമായി ആശയവിനിമയം നടക്കേണ്ടതും ഒരാവശ്യമാണു്. ഇതിനായി 'സേവനത്തുറകൾ ജനങ്ങൾക്കുവേണ്ടി' (പ്രൊഫെഷൻസ് ഫോർ പീപ്പിൾ) എന്ന ഒരു പ്രസ്ഥാനമാരംഭിക്കേണ്ടതാണെന്നും പ്രഖ്യാപനം അഭിപ്രായപ്പെട്ടു.

ജീവിതമേന്മ വളരെ വലിയ ഒരളവിൽ, സേവനത്തുറകളുടെ മേന്മയെ ആശ്രയിച്ചിരിക്കുന്നു. ആധുനിക ഭാരതത്തിലെ നാലു പ്രധാന സേവനത്തുറകളിലെ നേതാക്കൾ തങ്ങളുടെ പ്രശ്നങ്ങളും തങ്ങൾ ഉൾപ്പെട്ട സമൂഹത്തിന്റെ പ്രശ്നങ്ങളും തുറന്നു ചർച്ചചെയ്യുകയും വ്യക്തമായ ചില നിഗമനങ്ങളിലെത്തുകയുംചെയ്തുവെന്നതു പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണു്. പക്ഷേ, മലയാളത്തിലെ ഒരു പത്രത്തിലും ഈ സമ്മേളനത്തിന്റെ സംക്ഷിപ്ത വിവരമെങ്കിലും പ്രസിദ്ധീകരിച്ചതായി കാണുകയുണ്ടായില്ല. പല മലയാളപത്രങ്ങൾക്കും ദില്ലിയിൽ വാർത്താബ്യൂറോകളും മുഴുസമയലേഖകരുമുണ്ടു്. പക്ഷേ, ഈ സമ്മേളനം അവർക്കൊന്നും 'വാർത്ത'യായിരുന്നില്ല.

നമ്മുടെ പത്രപ്രവർത്തനമെന്ന സേവനത്തുറയുടെ നിലവാരത്തകർച്ച ഇതിൽനിന്നുതന്നെ വെളിവാകുന്നില്ലേ?

(2 മെയ്, 1984)

## 88. അദ്ധ്യാപകരെപ്പററി

സ്വാതന്ത്ര്യത്തിനുശേഷമുള്ള മുപ്പത്തേഴു വർഷങ്ങളിൽ ഇന്ത്യയിലെ സമൂഹത്തിലാകെ കടുത്ത ധാർമികാധഃപതനം സംഭവിച്ചിട്ടുണ്ടെന്ന വസ്തുത എല്ലാവരും അംഗീകരിക്കുന്നുണ്ടു്. കൂടുതൽ പണവും കൂടുതൽ വിദ്യാഭ്യാസവും കൂടുതൽ ജീവിതസൗകര്യങ്ങളും ഉള്ളവർക്കിടയിലാണു് ഈ